"ഭരണഭാഷ മാതൃഭാഷ"

നമ്പർ ക്യൂ2/40073/2021/കോ:വി:വ:

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം -33
തീയതി:02/11/2021
phone:0471-2306580
e-mail-dcescholarship@gmail.com

**കോളേജ് വിദ്യാഭ്യാസ വകുപ്പ് 2021-22 ലെ ഹിന്ദി സ്കോളർഷിപ്പ് (ഫ്രഷ്) അപേക്ഷ ക്ഷണിക്കുന്നു.**

2021 മാർച്ചിൽ +2 സംസ്ഥാന സിലബസിൽ പഠിച്ച് 60% മാർക്കോടുകൂടി ആദ്യ അവസരത്തിൽ തന്നെ പാസായശേഷം ബി.എ/ബി.എസ്.സി./ബികോം കോഴ്സിന് ഒന്നാം വർഷം പ്രവേശനം നേടിയവരും ബിരുദ പരീക്ഷ 60% മാർക്കോടു കൂടി പാസ്സായശേഷം ബിരുദാനന്തര കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലും ഈ വർഷം പ്രവേശനം നേടിയവരിൽ നിന്നും 2021-22 വർഷത്തേക്കുള്ള ഹിന്ദി സ്കോളർഷിപ്പിനുള്ള (ഫ്രഷ്) അപേക്ഷ ഓൺ ലൈൻ വഴി ക്ഷണിക്കുന്നു. അപേക്ഷകർ ഹിന്ദി ഒരു വിഷയമായി പഠിച്ചിരിക്കണം. അഹിന്ദി സംസ്ഥാനങ്ങളിൽ ഹിന്ദി പ്രചരിക്കുന്നതിനുള്ള കേന്ദ്രസർക്കാർ സ്കോളർഷിപ്പാണ് ഇത്. അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarship.kerala.gov.in -ൽ Hindi scholarship (HS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് 30/11/2021 തീയതി വരെ ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കാം.

**യോഗ്യതകൾ**

I) 1) ബി.എ./ബി.എസ്.സി./ബികോം കോഴ്സുകൾക്ക് ഹിന്ദി ഉപവിഷയമായി പഠിക്കുന്ന വിദ്യാർത്ഥികൾ

2)മെട്രിക്കുലേഷനോ (എസ്.എസ്.എൽ.സി.) ,തത്തുല്യ കോഴ്സോ കഴിഞ്ഞിട്ട് അദ്ധ്യാപക ട്രെയിനിംഗിന് കോഴ്സിന് പ്രവേശനം കിട്ടിയിട്ടുള്ള വിദ്യാർത്ഥികൾ

3) പോസ്റ്റ്മെട്രിക് സ്റ്റാൻഡേർഡിനു തുല്യമായി ഹിന്ദിയിൽ മാത്രം ഒരു കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾ

4) ബി.എ. ഹിന്ദിയോ തത്തുല്യമായ പരീക്ഷയോ പാസായതിന്ശേഷം അദ്ധ്യാപക ട്രെയിനിംഗിന് പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ.

5) എം.എ.ഹിന്ദി വിദ്യാർത്ഥികൾ

6) പി.എച്ച്.ഡി./MLit/Mphil (ഹിന്ദി) വിദ്യാർത്ഥികൾ

7) ബി.എഡ്, എം.എഡ് (ഹിന്ദി ഐശ്ചിക വിഷയം)

**II സ്കോളർഷിപ്പ് തുക**

| കോഴ്സ് | സ്കോളർഷിപ്പ് തുക(പ്രതിമാസം) | സ്കോളർഷിപ്പ് എണ്ണം |
|---|---|---|
| ബിരുദം | 500/- | 180 |
| ഹിന്ദി എം.എ/എം.ഫിൽ/പി.എച്ച്.ഡി./ ബി.എഡ്/എം.എഡ് | 1000/- 1200/- | 59 |
| ആകെ | | 239 |

III )വരുമാനപരിധി ഇല്ല

**IV)ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ**

1) അപേക്ഷകർക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്.ബി.ഐ.),സൗത്ത് ഇന്ത്യൻ ബാങ്ക്,ഫെഡറൽ ബാങ്ക് എന്നിവയിൽ ഏതെങ്കിലും ഒരു ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. രക്ഷകർത്താവുമായി ചേർന്നുള്ള മൈനർ അക്കൗണ്ടുള്ളവർ സ്വന്തം പേരിൽ മാത്രമായുള്ള മേജർ അക്കൗണ്ടായി മാറ്റേണ്ടതാണ്. അപേക്ഷ ഓൺലൈനായി സമർപ്പിക്കുമ്പോൾ അക്കൗണ്ട് ലൈവ് ആയിരിക്കേണ്ടതാണ്.

2) ആധാർ നമ്പർ/ആധാർ എൻറോൾമെന്റ് നമ്പർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്തിരിക്കണം.

3) അപേക്ഷകർ കേരളത്തിലെ സ്ഥിരതാമസക്കാരായിരിക്കണം.

4) സ്കോളർഷിപ്പ് ഒരു കോഴ്സിന് ആദ്യവർഷം അനുവദിച്ചാൽ ആ കോഴ്സ് തീരുന്നതുവരെ വർഷം തോറും പുതുക്കി നൽകുന്നു. തുടർന്നുള്ള വർഷങ്ങളിൽ സ്കോളർഷിപ്പ് പുതുക്കുന്നതിന് വിദ്യാർത്ഥി അതതുവർഷങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

5) മറ്റ് സ്റ്റേറ്റ് സ്കോളർഷിപ്പ്/ഫീസ് ആനുകൂല്യം ലഭിക്കുന്നവർക്കും ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്.

**അപേക്ഷിക്കേണ്ട രീതി**

(എ) അപേക്ഷകൾ ഓൺ ലൈനായി 30/11/2021 വരെ സമർപ്പിക്കാവുന്നതാണ്.

1) www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ Hindi scholarship (HS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

2) Apply online-ൽ ക്ലിക്ക് ചെയ്യുക

3) മറ്റ് സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ വച്ച് candidate login ചെയ്യുക.

4) അല്ലെങ്കിൽ new registration –ൽ ക്ലിക്ക് ചെയ്ത് submit click ചെയ്യുക.

5) സ്കോളർഷിപ്പ് പേജിൽ HS എന്ന Tab- ൽ ക്ലിക്ക് ചെയ്യുക.

6) നൽകിയ വിവരങ്ങൾ ശരിയാണെങ്കിൽ വീണ്ടും submit ക്ലിക്ക് ചെയ്യുക.

(ബി). ഓൺലൈനിലൂടെ അപേക്ഷ നൽകിയതിന് ശേഷം view/print application ക്ലിക്ക് ചെയ്ത രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് എടുത്തിരിക്കണം.

1. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് ഭാഗം-5-ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥികൾ ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.
2. വിദ്യാർത്ഥി സമർപ്പിക്കുന്ന രേഖകളും, രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺലൈൻ വഴി സ്ഥാപന മേധാവിയോ (പ്രിൻസിപ്പാളോ/യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ) അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ്. (വെരിഫിക്കേഷൻ)
3. സൂക്ഷമ പരിശോധന നടത്തികഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി (പ്രിൻസിപ്പാളോ/യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ) ഓൺലൈൻ വഴി അംഗീകരിക്കണം. (അപ്രൂവൽ)
4. അപേക്ഷകൾ അതാത് സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഇൻസ്പെക്ഷൻ ടീമിന്റെ പരിശോധനയ്ക്ക് ഇവ വിധേയമാക്കേണ്ടതാണ്.

## VI. സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട രേഖകൾ

1. അപേക്ഷകരുടെ ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റൗട്ട്
2. യോഗ്യത പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. SSLC .മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. നേറ്റുവിറ്റി സർട്ടിഫിക്കറ്റ് (ഒറിജിനൽ)
5. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ചിന്റെ അഡ്രസ്) എന്നിവ ഉൾപ്പെടുത്തിയിരിക്കണം.

## VII.. സ്ഥാപന മേധാവി (പ്രിൻസിപ്പൽ/യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികൾ) കളുടെ ശ്രദ്ധയ്ക്ക്

എ). വിദ്യാർത്ഥി പഠിക്കുന്ന രേഖകളും രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺലൈൻ വഴി സ്ഥാപന മേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടണ്ടതാണ്.

ബി). സൂക്ഷ്മ പരിശോധന നടത്തികഴിഞ്ഞ അപേക്ഷകൾ സ്ഥാപന മേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം. (അപ്രൂവൽ)

സി). എല്ലാ രേഖകളുടേയും നിജസ്ഥിതി സ്ഥാപന മേധാവി (പ്രിൻസിപ്പൽ/ യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവി) ഉറപ്പ് വരുത്തേണ്ടതാണ്.

ഡി). ഖണ്ഡിക IV അനുസരിച്ച് വിദ്യാർത്ഥികൾ രേഖപ്പെടുത്തിയ ബാങ്ക് അക്കൗണ്ട് സംബന്ധമായ രേഖകൾ ശരിയാണോ എന്ന് പരിശോധിച്ച് സ്ഥാപനമേധാവി ഉറപ്പ് വരുത്തേണ്ടതാണ്.

ഇ). വിഞ്ജാപനത്തിലെ നിശ്ചിത തീയതിക്കകം സ്ഥാപനമേധാവി അപേക്ഷകൾ വെരിഫൈ ചെയ്ത് അംഗീകരിച്ചിരിക്കണം. ഇതിൽ വീഴ്ച വരുത്തിയാൽ സ്ഥാപന മേധാവികൾ അതിന് ഉത്തരവാദിയായിരിക്കും.

## VIII .അവസാന തീയതികൾ

1. ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി :30/11/2021
2. ഓൺലൈൻ രജിസ്ട്രേഷൻ പ്രിന്റൗട്ടും അനുബന്ധ രേഖകളും സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയതി : 07/12/2021.
3. സ്ഥാപന മേധാവി സൂക്ഷ്മ പരിശോധന നടത്തി ഓൺലൈനായി അപ്രൂവൽ നൽകേണ്ട അവസാന തീയതി : 15/12/2021.
4. മേൽ പ്രസ്താവിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചാൽ പൂർണ ഉത്തരവാദിത്തം സ്ഥാപനമേധാവിക്ക് മാത്രമായിരിക്കും എന്ന് കൂടി അറിയിക്കുന്നു.

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്സ്

എ.എം